## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 4733

27.06.2014 ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ന്യൂന പക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ഏതുവർഷം മുതലാണ് നൽകിവരുന്നതെന്നും തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ? | (എ) യും (ബി) യും<br><br>സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.<br><br>(i) **കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന 2008-09 മുതൽ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്**<br>ബിരുദതലത്തിൽ 4000/- രൂപ വീതവും (3000 എണ്ണം) ബിരുദാനന്തരബിരുദത്തിന് 5000/- രൂപ വീതവും (1000 എണ്ണം) പ്രൊഫഷണൽ കോഴ്സിന് 6000/- രൂപ വീതവും (1000 എണ്ണം) നൽകി വരുന്നു. കൂടാതെ, ഹോസ്റ്റൽ സ്റ്റൈപ്പന്റായി പരമാവധി 12000/- രൂപ പ്രതിവർഷം (2000 പേർക്ക്) നൽകി വരുന്നു.<br><br>(ii) കേന്ദ്ര-ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കി വരുന്ന 1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2008-09 മുതൽ പ്രതിവർഷം 1000/- രൂപ വീതം പ്രിമെട്രിക് സ്കോളർഷിപ്പ് നൽകി വരുന്നു. (നിർവ്വഹണം- ഡി.പി.ഐ).<br><br>(iii) 11-ാം ക്ലാസ്സ് മുതൽ പി.എച്ച്.ഡി വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2007-08 മുതൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്. (നിർവ്വഹണം- ഡി.സി.ഇ). +1, +2 ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ഫീസ് ട്യൂഷൻ ഫീസിനത്തിൽ ലഭിക്കുന്ന യഥാർത്ഥ തുക അല്ലെങ്കിൽ 7,000 രൂപ ഏതാണ് കുറവ് അത് നൽകി വരുന്നു.<br><br>(iv) മെരിറ്റ് കം മീൻസ് സ്ക്കോളർഷിപ്പ് (നിർവ്വഹണം- ടെക്നിക്കൽ ഡയറക്ടറേറ്റ്)- കോഴ്സ് ഫീസ് 20000/ രൂപ വരെ, ഹോസ്റ്റൽ ചാർജ്ജ് 10000/ രൂപ വരെ, ഹോസ്റ്റലിൽ താമസിക്കാത്തവർക്ക് 5000/ രൂപ വരെ 2009-10 മുതൽ പ്രതിവർഷം ലഭിക്കുന്നു.<br><br>(v) 2013-2014 മുതൽ സി.എ/ഐ.സി.ഡബ്ല്യൂ.എ/സി.എസ് കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്ക്കോളർഷിപ്പ് - ഫൗണ്ടേഷൻ കോമൺ പ്രൊഫിഷൻസി ടെസ്റ്റിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 6,000 രൂപയും ഇന്റർമീഡിയറ്റ്/എക്സിക്യൂട്ടീവ്, ഫൈനൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 12,000 രൂപയുമാണ് സ്കോളർഷിപ്പ്.<br><br>(vi) സർക്കാർ അംഗീകൃത ഐ.റ്റി.സി/ഐ.റ്റി.ഐ കോഴ്സുകളിൽ 2 വർഷം / 1 വർഷം / 6 മാസം കാലയളവിൽ പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് യഥാക്രമം 20000/-, 10000/-, 5000/- എന്ന തോതിൽ 1250 വിദ്യാർത്ഥികൾക്ക് 2013-2014 -ൽ ആനുകൂല്യം നൽകിയിട്ടുണ്ട്.<br><br>(vii) 2013-2014 മുതൽ ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്. - 9 പേർക്ക് 50,000 രൂപ നിരക്കിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ